# മുസിരിസ് പദ്ധതി: അനുബന്ധ നിർമാണങ്ങൾക്കു പച്ചക്കൊടി

പറവൂർ: നിലച്ചിരിക്കുന്ന മുസിരിസ് പൈതൃക പദ്ധതിയുടെ അനുബന്ധ നിർമാണ പ്രവർത്തനങ്ങൾക്കു വീണ്ടും പച്ചക്കൊടി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുമതിയായിട്ടും നടക്കാതെ വന്ന 14 ബോട്ട് ജെട്ടികളുടെ നിർമാണം ഉടനെ ആരംഭിക്കാനാണു തീരുമാനം. മുസിരിസ് പദ്ധതിയിൽ ജലയാത്രയ്ക്കു കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നതിനാൽ ജെട്ടികളുടെ നിർമാണം പ്രധാനപ്പെട്ടതാണ്. 4.24 കോടി രൂപയാണ് ഇതിനായി ചെലവിടുന്നത്.

പട്ടണം, കോട്ടയിൽ കോവിലകം, പറവൂർ നോർത്ത്, പാലിയംകൃഷ്ണ ക്ഷേത്രം, ഗോതുരുത്ത് ചെറിയപള്ളി, മൂത്തകുന്നം ശ്രീനാരായണ മംഗലം ക്ഷേത്രം, പറവൂർ കോട്ടക്കാവ് പള്ളി, കോട്ടപ്പുറം കോട്ട, കോട്ടപ്പുറം മാർക്കറ്റ്, തിരുവഞ്ചിക്കുളം ക്ഷേത്രം, കൊടുങ്ങല്ലൂർ റിസപ്ഷൻ സെന്റർ, വി.കെ. രാജൻ സ്മാരകം, പള്ളിപ്പുറം കോട്ട, സഹോദരൻ അയ്യപ്പൻ സ്മാരകം എന്നീ കടവുകളിലാണു ജെട്ടികൾ നിർമിക്കുന്നതെന്നു വി.ഡി. സതീശൻ എംഎൽഎ അറിയിച്ചു.

അതേസമയം, അനുബന്ധ നിർമാണത്തിന് എംഎൽഎ മുൻ കയ്യെടുത്തു തുടക്കം കുറിക്കാൻ തീരുമാനിച്ചെങ്കിലും മുസിരിസ് പദ്ധതിയിലെ പ്രധാന നിർമാണ പ്രവർത്തനങ്ങൾക്കുള്ള സ്തംഭനാവസ്ഥ തുടരുകയാണ്. നടത്തിപ്പിനുള്ള മന്ത്രിതലത്തിലുള്ള കമ്മിറ്റികളുടെ പുനഃസംഘടനയും സ്പെഷൽ ഓഫിസറുടെ നിയമനവും നീണ്ടു പോകുന്നതാണു കാരണം.

ചരിത്ര സ്മാരകങ്ങളുടെ നവീകരണം, മ്യൂസിയം സ്ഥാപിക്കൽ തുടങ്ങിയവയാണു പ്രധാന പ്രവർത്തനങ്ങൾ. പറവൂർ യഹൂദ പള്ളി, പാലിയം കൊട്ടാരം, പാലിയം നാലുകെട്ട് എന്നിവ പുനരുദ്ധരിച്ചു മ്യൂസിയം ഒരുക്കുന്ന ജോലികൾ നിലച്ചിരിക്കുകയാണ്. കോട്ടപ്പുറം മാർക്കറ്റിനോടു ചേർന്നുള്ള കായലോര നവീകരണ ജോലികൾ നടക്കുന്നില്ല. കോട്ടപ്പുറം കോട്ട സംരക്ഷണ പ്രവൃത്തികൾ നിർത്തിവച്ചു. കൊടുങ്ങല്ലൂർ കെകെടിഎം കോളജിൽ മുസിരിസ് പഠന കേന്ദ്ര നിർമാണവും സ്തംഭിച്ചു. നവീകരണത്തിനായി അടച്ചു പൂട്ടിയ ചേന്ദമംഗലം യഹൂദ പള്ളിയിലും നിർമാണ ജോലികൾ നടക്കുന്നില്ല.

പദ്ധതിയുടെ നടത്തിപ്പുമായുള്ള തീരുമാനങ്ങൾ എടുക്കേണ്ടതു ടൂറിസം മന്ത്രി അധ്യക്ഷനായുള്ള കോ ഓർഡിനേഷൻ കമ്മിറ്റിയാണ്. ഈ കമ്മിറ്റിയിൽ ധനകാര്യം, സാംസ്കാരികം, തദ്ദേശസ്വയംഭരണം, ജലവിഭവ വകുപ്പുകളുടെ മന്ത്രിമാരും പദ്ധതി പ്രദേശത്തെ എംഎൽഎമാരുടെ പ്രതിനിധികളും ഉൾപ്പെടുന്നതായിരുന്നു കഴിഞ്ഞ മന്ത്രിസഭയുടെ കാലത്തുള്ള കമ്മിറ്റി. കമ്മിറ്റിയുടെ പുനഃസംഘടന സർക്കാർ നടത്തണം. കമ്മിറ്റിയിൽ നിലവിലെ പ്രാതിനിധ്യം അതേപടി തുടരണോ എന്ന കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനം എടുക്കേണ്ടതുണ്ട്.

നിർമാണ ജോലികളുടെ നടത്തിപ്പ് ക്രോഡീകരിച്ചിരുന്നതു സ്പെഷൽ ഓഫിസറാണ്. ഏതെങ്കിലും മറ്റൊരു വകുപ്പിലെ ഉദ്യോഗസ്ഥനെ ഡപ്യൂട്ടേഷനിലാണു നിയമിച്ചിരുന്നത്. മന്ത്രിസഭയുടെ കാലാവധി കഴിഞ്ഞതോടെ കഴിഞ്ഞ മേയ് അവസാനത്തോടെ സ്പെഷൽ ഓഫിസർ തൽസ്ഥാനം വിട്ടു. പുതിയ ആളെ നിയമിക്കുന്നതു സംബന്ധിച്ചും സർക്കാർ തീരുമാനം വേണം.

ഉയർന്ന തസ്തികയിലും ലോക ടൂറിസവുമായി വേണ്ടത്ര അറിവുള്ള ആളുമായിരിക്കണം സ്പെഷൽ ഓഫിസറെന്ന നിർദ്ദേശം ഉയർന്നിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനുള്ള മോണിട്ടറിങ് ഗ്രൂപ്പ് നിലവിലെ സ്ഥിതിയിൽ തന്നെ തുടരണോ എന്ന കാര്യത്തിലും തീരുമാനം വേണം. പദ്ധതിയുമായി ബന്ധപ്പെട്ടുള്ള വകുപ്പുകളുടെ ഉദ്യോഗസ്ഥന്മാരാണു കമ്മിറ്റിയിലുള്ളത്. ഇക്കാര്യങ്ങളിൽ ചില കോണുകളിൽ ചർച്ചകൾ നടന്നെങ്കിലും ഔദ്യോഗികമായ ചർച്ചകൾ ആരംഭിച്ചിട്ടില്ല. സർക്കാർ തീരുമാനം വൈകുന്നതുമൂലം പൂർത്തിയായ ചില പ്രവർത്തനങ്ങൾ തുടർ ഘട്ടത്തിലേക്കു കടക്കാൻ കാലതാമസം നേരിടുകയാണ്. പദ്ധതി പ്രദേശത്തിന്റെ വിഭവ ഭൂപടം തയാറാക്കൽ ഇൻഫർമേഷൻ കേരള മിഷൻ നടത്തിയിട്ടുണ്ട്. അതേപോലെ തോടുകളുടെയും പുഴകളുടെയും നവീകരണത്തിനുള്ള ഹൈഡ്രോ ഗ്രാഫിക് സർവേയും നടത്തിയതായി ബന്ധപ്പെട്ടവർ പറയുന്നു. തുടർ നടപടികൾക്കു കമ്മിറ്റികൾ വരേണ്ടതുണ്ട്.